# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3581** — **10-04-2013 ൽ മറുപടിയ്ക്ക്**

## സംയോജിത കാർഷിക വികസന പദ്ധതി

**ചോദ്യം**

ശ്രീ.വി.ശശി

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി നടപ്പാകമെന്ന് പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയ 100 കോടി രൂപയിൽ നെൽകൃഷി, പച്ചക്കറി കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉത്പാദന വർദ്ധനവിനായി ഓരോ വിഭാഗങ്ങൾക്കും എത്ര തുക വീതമായി വകയിരുത്തിയെന്നും ഇവ ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(എ) 2012-13 ൽ സംയോജിത കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് 5000 ലക്ഷം രൂപയും, പച്ചക്കറി കൃഷിക്ക് 4850 ലക്ഷം രൂപയും, കിഴങ്ങുവർഗ്ഗ വിളകൾക്ക് 150 ലക്ഷം രൂപയുമാണ് വകയിരുത്തിയത്.

31.03.2013 വരെ ചെലവഴിച്ച തുക

| | |
|---|---|
| നെൽകൃഷി | - 4908.13 ലക്ഷം രൂപ |
| പച്ചക്കറി കൃഷി | - 4308.60 ലക്ഷം രൂപ |
| കിഴങ്ങുവർഗ്ഗ കൃഷി | - 149.99 ലക്ഷം രൂപ |

(ബി) ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ?

(ബി) ഭക്ഷ്യസുരക്ഷ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന ഘടകങ്ങൾ 2012-13 ൽ സംയോജിത കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

1. നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ്
2. കരനെൽ കൃഷി
3. തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ടുള്ള പി.പി.പി.എസ്.ആർ.ഐ പദ്ധതി .

4. പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനം
5. ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി.
6. വികസന ഏജൻസികൾക്കുള്ള ധനസഹായം
7. സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറികൃഷി
8. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി
9. നഗര പ്രദേശത്തെ കൃഷി
10. വാണിജ്യ പച്ചക്കറി കൃഷി
11. ഹൈടെക് പോളീഹൗസ് കൃഷി
12. പരിശീലനം
13. സൂക്ഷ്മ ജലസേചന രീതികളുള്ള ധനസഹായം
14. പയർ കിഴങ്ങുവർഗ്ഗ വികസനം.

സെക്ഷൻ ഓഫീസർ